LIBRARY ARCHIVES Kerala Legislative Assembly

പട്ടികവർഗ്ഗക്കാർക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

*11 [311] ശ്രീ. എം. വി. ജയരാജൻ:
„ കെ. രാധാകൃഷ്ണൻ:
„ വി. ചെന്താമരാക്ഷൻ:
„ ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്കായി സർക്കാർ പ്രഖ്യാപിച്ച ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ പുരോഗതി വെളിപ്പെടുത്താമോ;

(ബി) ഏതെല്ലാം ഇൻഷ്വറൻസ് കമ്പനികളുമായാണ് സർക്കാർ ഇക്കാര്യത്തിൽ ധാരണയിൽ എത്തിയത്;

(സി) കമ്പനികളുമായി ഉണ്ടാക്കിയ ധാരണയുടെ ഉള്ളടക്കം വെളിപ്പെടുത്തുമോ;

(ഡി) ഈ ഇൻഷ്വറൻസ് പദ്ധതി ലക്ഷ്യമിടുന്ന ജനവിഭാഗങ്ങളുടെ എണ്ണം എത്രയാണ്;

(ഇ) ഇൻഷ്വറൻസ് പദ്ധതിയുടെ ആനുകൂല്യം ഇതിനകം എത്ര പേർക്ക് നൽകാൻ കഴിഞ്ഞു; നൽകിയ തുക എത്രയാണ്?

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ):

(എ) 2004-2005-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്കായി സർക്കാർ പ്രഖ്യാപിച്ച ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിക്ക് പ്രത്യേക കേന്ദ്ര സഹായമായി 10 കോടി രൂപ ലഭിച്ചിട്ടുണ്ട്. ഇത് നടപ്പാക്കുന്നതിന്റെ പ്രാരംഭ നടപടിയുടെ ഭാഗമായി വിവിധ ഇൻഷ്വറൻസ് കമ്പനികളുമായി സർക്കാർ ചർച്ച നടത്തിവരുന്നു.

(ബി) ആരുമായും ധാരണയിൽ എത്തിയിട്ടില്ല.

(സി) ഉദിക്കുന്നില്ല.

(ഡി) സംസ്ഥാനത്തെ എല്ലാ പട്ടികവർഗ്ഗ വിഭാഗക്കാരെയും ലക്ഷ്യമാക്കിയിട്ടുള്ളതാണ് ഈ പദ്ധതി.

(ഇ) ഈ പദ്ധതി നടപ്പിലാക്കി തുടങ്ങിയിട്ടില്ല.

സർക്കാർ ഭൂമി ഏറ്റെടുത്ത് ടൂറിസം കേന്ദ്രങ്ങളാക്കാൻ നടപടി

*12 [312] ശ്രീ. എ. കെ. ബാലൻ:
„ കോടിയേരി ബാലകൃഷ്ണൻ:
„ പി. സി. ജോർജ്:
„ രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വക ഭൂമി പാട്ടത്തിനെടുത്ത് ഉല്ലാസ കേന്ദ്രങ്ങളും, ക്ലബ്ബുകളും നടത്തി വരുന്നതായി ടൂറിസം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടൂറിസം കേന്ദ്രങ്ങളായി ഇവയെ മാറ്റുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) തിരുവനന്തപുരം നഗരത്തിലെ ഗോൾഫ് ക്ലബ്ബ്, ശ്രീമൂലം ക്ലബ്ബ്, ട്രിവാൻഡ്രം ക്ലബ്ബ്, ഓഫീസേഴ്സ് ക്ലബ്ബ് തുടങ്ങിയവ സ്ഥിതി ചെയ്യുന്ന ഭൂമി ടൂറിസം വകുപ്പിന്റെ കീഴിൽ ടൂറിസം കേന്ദ്രങ്ങളായി വികസിപ്പിച്ചെടുക്കാനുള്ള സാദ്ധ്യത സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ഡി) ടൂറിസം വകുപ്പിന്റെ അടിസ്ഥാന വികസന പദ്ധതികളുടെ ഭാഗമായി മേൽപ്പറഞ്ഞ സർക്കാർ വക ഭൂമി ടൂറിസം വകുപ്പ് ഏറ്റെടുത്ത് ടൂറിസം കേന്ദ്രങ്ങളാക്കാൻ തയ്യാറാകുമോ?

വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ):

(എ) ഉണ്ട്.

(ബി) ഇപ്പോൾ ഉദ്ദേശമില്ല.

(സി) പരിശോധിച്ചിട്ടില്ല.

(ഡി) ഇപ്പോൾ ഉദ്ദേശമില്ല.

മത്സ്യ അനുബന്ധ തൊഴിലാളികൾക്ക് ഏർപ്പെടുത്തിയ ക്ഷേമനിധിയുടെ പ്രവർത്തനം

*13 [313] ശ്രീ. വി. കെ. സി. മമ്മത്കോയ:
ഡോ. തോമസ് ഐസക്:
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ:
„ ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മത്സ്യ അനുബന്ധ തൊഴിലാളികൾക്ക് ഏർപ്പെടുത്തിയ ക്ഷേമനിധിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾക്കായി സർക്കാർ വാഗ്ദാനം നൽകിയ സഹായങ്ങൾ എല്ലാം ലഭ്യമാക്കിയിട്ടുണ്ടോ; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിധിയിലേക്ക് എന്ത് തുക നൽകിയിട്ടുണ്ട് എന്നറിയിക്കാമോ;

(സി) പെൻഷൻ, മരണാനന്തര ആനുകൂല്യങ്ങൾ, വിവാഹ സഹായധനം, വിദ്യാഭ്യാസ ആനുകൂല്യങ്ങൾ തുടങ്ങിയ ക്ഷേമ പദ്ധതികൾ അനുസരിച്ചുള്ള സഹായം കുടിശ്ശികയായിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ;

(ഡി) മത്സ്യ കയറ്റുമതിക്കാരുടെ ക്ഷേമനിധി വിഹിതം ലഭിക്കാതിരുന്നിട്ടുണ്ടോ; ഇത് കുടിശ്ശികയായിട്ടുണ്ടോ; എങ്കിൽ എത്ര; ഇത് ഈടാക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു?

ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്):

(എ) ഉണ്ട്.

(ബി) ഉണ്ട്. 18.8744 കോടി രൂപ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly